(ഡി) പ്രസ്തുത റിപ്പോർട്ടിൽ ആനത്തോട് ഡാമിൽ കണ്ടുവരുന്ന ചോർച്ച ഫലപ്രദമായി തടയുന്നതിന് വേണ്ട സാങ്കേതിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഇതിനുള്ള ഡിസൈൻ നൽകുക എന്നിവ കൺസൾട്ടൻസി അടിസ്ഥാനത്തിൽ ചെയ്യാൻ കേന്ദ്ര ജലകമ്മീഷൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഇതിന് 3.43 ലക്ഷം രൂപയാണ് കേന്ദ്ര ജലകമ്മീഷന്റെ ഡാം സേഫ്റ്റി റീഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ആവശ്യപ്പെട്ടത്.

താരതമ്യേന ചെലവുകുറഞ്ഞ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുവാൻ ബോർഡ് ആവശ്യപ്പെട്ട സാഹചര്യത്തിൽ വൈദ്യുത ബോർഡിലെ ചീഫ് എഞ്ചിനീയർ (കെ.പി.ഡി.എസ്.) ഡയറക്ടർ റിസർച്ച് ഓർഗനൈസേഷൻ, പള്ളം, മറ്റു ഫീൽഡ് എഞ്ചിനീയർമാരോടൊപ്പം 23-6-2003-ൽ ആനത്തോട് ഡാം പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ഡാമിൽ നിന്നും കൂടിയ അളവിൽ വെള്ളം ഉയർന്ന് വരുന്നുണ്ടെങ്കിലും (സീപ്പ് പേജ്) ആശങ്കാജനകമായ സ്ഥിതി വിശേഷം ഒന്നും ഇല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ആദിവാസികൾക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഭൂമി വിതരണം

22 (*454) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ ആദിവാസികൾക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഭൂമി നല്കുന്നതിനായി 25000 ഏക്കർ വനഭൂമി വിട്ടുതരാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ടോ ;

(ബി) ഭൂമി വിട്ടുകിട്ടുന്നത് സംബന്ധിച്ച് സർക്കാരിന് രേഖാമൂലം ലഭിച്ച ഉറപ്പുസംബന്ധിച്ച് വിശദമാക്കാമോ ;

(സി) ഏതെല്ലാം നിബന്ധനകളോടുകൂടിയാണ് ഭൂമി വിട്ടുതരാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ വീതം വിട്ടുകിട്ടുവാനായിരുന്നു കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ഭൂമിയെ സംബന്ധിച്ച പുതുക്കിയ റിപ്പോർട്ട് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് കേന്ദ്രത്തിന് സമർപ്പിച്ചത് എപ്പോഴാണ് എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) തത്വത്തിൽ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽനിന്ന് രേഖാമൂലം ഉറപ്പ് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) താഴെപ്പറയുന്ന നിബന്ധനകളാണ് കേന്ദ്രഗവൺമെന്റ് വെച്ചിട്ടുള്ളത്.

1. ഇതുപോലുള്ള ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാർ ഇനിയും വനഭൂമി ആവശ്യപ്പെട്ടില്ലെന്ന് ഉറപ്പുനല്കണം.

2. പാരിസ്ഥിതികമായി ദുർബലമായതും സർക്കാരിൽ നിക്ഷിപ്ത മാക്കിയതുമായ ഏകദേശം 11000 ഹെക്ടർ ഭൂമി 0.4 നിരക്കിൽ വൃക്ഷ സാന്ദ്രത 10 വർഷക്കാലയളവുകൊണ്ട് പരിഹാര വനവല്ക്കരണം നടത്തണം.

3. ഇതിനുമേൽ വരുന്ന ഭൂമിയുടെ ഇരട്ടി (ഏകദേശം 2392 ഹെക്ടർ) പരിഹാര വനവല്ക്കരണം നടത്തണം.

4. നിർദ്ദേശിക്കപ്പെട്ട നിക്ഷിപ്ത വനഭൂമിയിലെ 30 ശതമാനത്തിലധികം ചെരിവുള്ള സ്ഥലങ്ങളിൽ വനവല്കരണം നടത്തണം.

5. സ്വകാര്യപാട്ടത്തിനു നല്കിയ വനഭൂമിയുടെ വിവരവും സ്ഥിതിയും നല്കണം.

6. കേരളത്തിലെ ഭൂപരിഷ്കരണത്തിന്റെ സ്ഥിതി അറിയിക്കണം.

7. പുനരധിവസിക്കപ്പെടുന്ന ആദിവാസികളുടെ വനസംരക്ഷണവുമായി ബന്ധപ്പെട്ട ചുമതലകൾ എന്തായിരിക്കുമെന്നറിയിക്കണം.

ഇതോടനുബന്ധിച്ച് കേന്ദ്ര വനം ഉപദേശകസമിതി അംഗം ശ്രീ. എസ്. സുബ്ബരായലുവും സമിതി മെമ്പർ സെക്രട്ടറി ശ്രീ. ബഹുഗുണയും സ്ഥലപരിശോധന നടത്തും.

(ഡി) കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 12196.6829 ഹെക്ടർ ഭൂമി വിട്ടുകിട്ടുവാനാണ് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം താഴെചേർക്കുന്നു.

1.	കാസർകോട്	163.4049 ഹെക്ടർ
2.	കണ്ണൂർ	181.9470 "
3.	വയനാട്	56.06.9583 "
4.	പാലക്കാട്	4361.3027 "
5.	മലപ്പുറം	1619.4300 "
6.	കോഴിക്കോട്	263.6400 "
	ആകെ	12196.6829 "

(ഇ) കേന്ദ്ര സംഘത്തിന്റെ പരിശോധനാവേളയിൽ ശുപാർശയിൽ ഉൾപ്പെട്ട നിബിഡ വനപ്രദേശങ്ങൾ ഒഴിവാക്കി ഇതിനുപകരമായി പ്രക്ഷീണമായ വനഭൂമിയോ നാണ്യവിള കൃഷി ചെയ്യുന്ന ഭൂമിയോ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ച പ്രകാരം അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly